**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 55** **04-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ഇന്റർനെറ്റ് കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ ആദിവാസി മേഖലകളിൽ ഉൾപ്പെടെ ഇന്റർനെറ്റ് കണക്ഷൻ വേഗത്തിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | വയനാട് ഉൾപ്പെടെയുള്ള ജില്ലകളിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങൾക്ക് വാർത്താവിനിമയ ഉപാധികളുടെയും ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെയും അപര്യാപ്തതയുള്ളതായി, ഓൺലൈൻ വിദ്യാഭ്യാസ ലഭ്യത സംബന്ധിച്ച അവലോകനങ്ങളിലൂടെ ബോധ്യപ്പെട്ടിട്ടുണ്ട്. പുതിയ ടവറുകൾ സ്ഥാപിച്ചും കെ.എസ്.ഇ.ബി. പോളുകൾ വഴി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതിക സാധ്യതകളും പരിശോധിച്ച് വരികയാണ്. വിദൂര പ്രദേശങ്ങളിലുള്ള ആദിവാസി കോളനികളെ കണക്ടിവിറ്റി ലഭ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകുകയും അത്തരം കോളനികൾക്ക് കണക്ടിവിറ്റി നൽകുന്നതിനായി വിവിധ ടെലികോം സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. വയനാട് ജില്ലയിലേതുൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ കണക്ടിവിറ്റി നല്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പോളുകൾ വഴി കേബിളുകൾ വലിക്കുന്നതിന് വാർഷിക വാടക ഇനത്തിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനുതകുന്ന നയപരവും സാമ്പത്തികവുമായ തീരുമാനങ്ങൾ ഉൾപ്പെടുത്തിയുള്ള മാർഗ്ഗരേഖയും സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി സ്വീകരിച്ച പ്രാരംഭ നടപടികൾ വ്യക്തമാക്കാമോ? | (ബി) | വയനാട് ഉൾപ്പെടെയുള്ള ജില്ലകളിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങൾക്ക് വാർത്താവിനിമയ ഉപാധികളുടെയും ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെയും അപര്യാപ്തതയുള്ളതായി, ഓൺലൈൻ വിദ്യാഭ്യാസ ലഭ്യത സംബന്ധിച്ച അവലോകനങ്ങളിലൂടെ ബോധ്യപ്പെട്ടിട്ടുണ്ട്. പുതിയ ടവറുകൾ സ്ഥാപിച്ചും കെ.എസ്.ഇ.ബി. പോളുകൾ വഴി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതിക സാധ്യതകളും പരിശോധിച്ച് വരികയാണ്. വിദൂര പ്രദേശങ്ങളിലുള്ള ആദിവാസി കോളനികളെ കണക്ടിവിറ്റി ലഭ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകുകയും അത്തരം കോളനികൾക്ക് കണക്ടിവിറ്റി നൽകുന്നതിനായി വിവിധ ടെലികോം സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. വയനാട് ജില്ലയിലേതുൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ കണക്ടിവിറ്റി നല്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പോളുകൾ വഴി കേബിളുകൾ വലിക്കുന്നതിന് വാർഷിക വാടക ഇനത്തിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനുതകുന്ന നയപരവും സാമ്പത്തികവുമായ തീരുമാനങ്ങൾ ഉൾപ്പെടുത്തിയുള്ള മാർഗ്ഗരേഖയും സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ